




അട്ടപ്പാടിയിൽ കമ്പനി സ്ഥാപിക്കുന്നതിന് എത്രയോ മുമ്പ് സുസ്ലോൺ പല പേരുകളിൽ ആദിവാസി ഭൂമി വാങ്ങിക്കൂട്ടിയിരുന്നു. റിയൽ എസ്റ്റേറ്റുകാരുടെ ഒത്താശയോടെയായിരുന്നു ഇത് എന്ന് ഇതിനകം വിവിധ വകുപ്പുകൾ നടത്തിയ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്

## അട്ടപ്പാടി

# ആദിവാസി ഭൂമിയും സുസ്ലോണും

കെ.പി ജലീൽ

ഇക്കഴിഞ്ഞ ജൂലൈ മൂന്ന് രാത്രി 1.30ന് അട്ടപ്പാടി ഷോളയൂർ വെള്ളിക്കുളം ഊരിലെ മൂന്നു വീടുകൾ അജ്ഞാതർ തീ വെച്ചു നശിപ്പിച്ചു. പിന്നിൽ ഭൂമാഫിയയാണെന്ന് ജനവും അല്ലെന്ന് പോലീസും. ഇതേക്കുറിച്ച് അന്വേഷിച്ച തൃശൂർ റേഞ്ച് സ്പെഷൽ ബ്രാഞ്ച് പോലീസ് പറഞ്ഞത് ഇത് കുടുംബ വഴക്കിന്റെ ഭാഗമാണെന്നാണ്.

എന്നാൽ ദിവസങ്ങൾക്കു ശേഷം മലയാളത്തിലെ പ്രധാന പത്രങ്ങളിൽ ഒരു വാർത്ത പ്രത്യക്ഷപ്പെട്ടു. അട്ടപ്പാടിയിൽ കഴിഞ്ഞമൂന്നു വർഷമായി പ്രവർത്തിച്ചുവരുന്ന കാറ്റാടി കമ്പനി വൻ തോതിൽ ആദിവാസി ഭൂമി തട്ടിയെടുത്തു എന്നായിരുന്നു അവയിലെ വാർത്തകൾ. കേരളത്തിലെ അവശേഷിക്കുന്ന ഹരിതമേഖലയും ആദിവാസി മേഖലകളിലൊന്നുമായ അട്ടപ്പാടി കേന്ദ്രീകരിച്ച് ഭൂമാഫിയ-സർക്കാർ ഉദ്യോഗസ്ഥ കൂട്ടുകെട്ട് നടത്തിയ വൻ വെട്ടിപ്പിന്റെ കഥയാണ് ഇത്. ഇടതുപക്ഷ സർക്കാരിന്റെ വൈദ്യുത പദ്ധതിയുടെ മറവിലാണ് സുസ്ലോൺ കമ്പനി വൻ തോതിൽ ഭൂമി തട്ടിയെടുത്തത് എന്നാണ് വിവരം.

ആദിവാസികളുടെ ഇടയിൽ കഴിഞ്ഞ കുറച്ചുകാലമായി വന്നുതാമസിക്കുന്ന വന്തവാസികളാണ് ആദിവാസിയെ ഇന്ന് ഞെക്കിപ്പിഴിഞ്ഞുകൊണ്ടിരിക്കുന്നത്. ഇതിൽ ഭൂഉടമകൾ മുതൽ സർക്കാർ വകുപ്പുകൾ വരെയുണ്ട്. സുസ്ലോൺ കമ്പനി വന്ന സമയത്ത് തന്നെ ഇതിനായി പരവതാനി വിരിച്ചത് സംസ്ഥാനത്തെ ഇടതുപക്ഷ സർക്കാരാണെന്ന് അഭിമാനത്തോടെ പറയാൻ വൈദ്യുത വകുപ്പ് മന്ത്രി തയ്യാറായിരുന്നു. പട്ടികജാതി-വർഗ വകുപ്പിന്റെ കൂടി ചുമതലയുള്ള മന്ത്രിയാണ് വൈദ്യുതിഉത്പാദനത്തിനായി ആദിവാസി ഭൂമി സ്വകാര്യ വ്യക്തികൾക്ക് കൈമാറിയത്.

പൂനെ ആസ്ഥാനമായ സുസ്ലോൺ കമ്പനി 1995ൽ മാത്രമാണ് സ്ഥാപിതമായിരിക്കുന്നത് എന്നാണ് അവരുടെ തന്നെ വെബ്സൈറ്റിൽ പറയുന്നത്. 2007 സെപ്തംബറിലാണ് അവർ അട്ടപ്പാടിയിലെത്തിയത്. ഇതിന് മുമ്പ് മഹാരാഷ്ട്രയിലെ ധൂലെ, സാംഗി എന്നിവിടങ്ങളിൽ നിന്ന് കർഷക പ്രക്ഷോഭത്തെതുടർന്ന് നാടുവിട്ടവരായിരുന്നു ഇവർ. പൂനെ ആസ്ഥാനമായിരുന്നിട്ടും അവിടെ നിന്ന് കെട്ടുകെട്ടി കേരളത്തിലും ഗുജറാത്തിലുമാണ് പുത്തൻ പരിസ്ഥിതി മുഖവുമായി തുൾസിയുടെ സുസ്ലോൺ എത്തിയത്. തുണി വ്യാപാരിയായി എത്തി പിന്നീട് കാറ്റ് വൈദ്യുതിയിലേക്ക് തിരിഞ്ഞ തുൾസി തന്തി ജന്മം കൊണ്ട് ഗുജറാത്തുകാരനും രാജ്യത്തെ എട്ടാമത്തെ സമ്പന്നനുമാണ്.

കേരളത്തിലേക്ക് വരാൻ കാറ്റാടി കമ്പനിക്ക് അനുയോജ്യം കുന്നുകളാണ് എന്നതാവാം കാരണം. എങ്കിലും ഇവിടെ യഥേഷ്ടമുള്ള ആദിവാസി ഭൂമിയാണ് ഇവരെ ഇവിടേക്ക് വരാൻ പ്രേരിപ്പിച്ചത് എന്നാണ് ഇപ്പോൾ പുറത്തുവന്ന തട്ടിപ്പുകഥകൾ വെളിപ്പെടുത്തുന്നത്. അട്ടപ്പാടിക്ക് പുറമെ മഹാരാഷ്ട്രയിലും ഗുജറാത്തിലും കേന്ദ്രഭരണപ്രദേശമായ ദാമനിലും ഇവർ കാറ്റാടി കമ്പനികൾ തുടങ്ങിയിട്ടുണ്ട് എന്നത് മാത്രമല്ല ഇവയെല്ലാം ആദിവാസി മേഖലയിലാണ് എന്നതാണ് ഞെട്ടിപ്പിക്കുന്ന വസ്തുത.

അട്ടപ്പാടിയിൽ കമ്പനി സ്ഥാപിക്കുന്നതിന് എത്രയോ മുമ്പ് തന്നെ പല പേരുകളിൽ ഇവർ ആദിവാസി ഭൂമി വാങ്ങിക്കൂട്ടിയിരുന്നു. റിയൽ എസ്റ്റേറ്റുകാരുടെ ഒത്താശയോടെയായിരുന്നു ഇത് എന്ന് ഇതിനകം വിവിധ വകുപ്പുകൾ നടത്തിയ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ആദിവാസി മേഖലയുടെ വികസനത്തിനായി രൂപം കൊടുത്ത അഹാഡ്സ് പദ്ധതി തന്നെയാണ് ഈ ഭൂതട്ടിപ്പിന് വേദിയായത് എന്നത് യാദൃശ്ചികമാകില്ല. ഈ സ്ഥാപനത്തിലെ പ്യൂണായിരുന്ന

ബിനു എസ് നായരാണ് കാറ്റാടി കമ്പനികൾക്ക് ഭൂമി വാങ്ങിക്കൊടുത്തിരുന്നത്. വ്യാജപട്ടയങ്ങൾ തയ്യാറാക്കിയായിരുന്നു ഇത്. അഹാഡ്സ് നിൽക്കുന്ന സ്ഥലം തന്നെ നൽകിയ കാളി എന്ന ആദിവാസിക്ക് ഇനിയും പ്രതിഫലം കിട്ടിയിട്ടില്ല എന്നറിയുമ്പോഴാണ് ദുരൂഹമായ വീടുതീവെപ്പുകളുടെ പിന്നിലെ കഥകൾ നമ്മെ ഞെട്ടിക്കുന്നത്.

ബിനു എസ് നായർ കോടികളാണ് ഇതിലൂടെ സമ്പാദിച്ചിരിക്കുന്നതെന്നാണ് ജില്ലാ കലക്ടറുടെ റിപ്പോർട്ടിലുള്ളത്. ബിനുവിൽ നിന്ന് ഏഷ്യൻ സ്റ്റാർ ഉടമ സുരേഷ്കുമാർ ഭൂമി വാങ്ങി. നിയമപ്രകാരം ഇവിടെനിന്ന് 22.5 ഏക്കർ ഭൂമി വാങ്ങാനേ കമ്പനിക്ക് കഴിയൂ എന്നിരിക്കെയാണ് 400 ഏക്കർ സുസ്ലോൺ വാങ്ങിയത്. കോട്ടത്തറ വില്ലേജിലെ 1275 സർവേ നമ്പറിലെ 150 ഏക്കർ ആദിവാസി ഭൂമിയും 50 ഏക്കർ വനഭൂമിയുമാണ്.

വന ഭൂമി ജണ്ട കെട്ടി തിരിച്ചതുതന്നെ അടുത്തകാലത്താണ്. വനഭൂമിയിലൂടെ കമ്പനി റോഡ് വെട്ടിയതായും വനംവകുപ്പിന്റെ റിപ്പോർട്ടിലുണ്ട്. 115 ഏക്കർ ഭൂമിയുടെ രേഖകൾ കമ്പനി ഇതിനകം കലക്ടർക്ക് കൈമാറിയിട്ടുണ്ട്. ഇതിനർഥം കമ്പനി ആദിവാസി ഭൂമി തട്ടിയെടുത്തുവെന്നു തന്നെയാണ്.

1986 ന് മുമ്പുള്ള ഭൂമി കൈമാറാൻ കഴിയില്ലെന്നിരിക്കെ, ആദിവാസികളുടെ പേരിൽ ഇതിനുമുമ്പുള്ള രേഖകളുണ്ടാക്കിയാണ് ഭൂമി തട്ടിയെടുത്തതെന്ന് ജില്ലാ കലക്ടർ കെ. വി മോഹൻകുമാറിന്റെ റിപ്പോർട്ടിൽ പറയുന്നു.

**ജനകീയ സമരപുസ്തകം**
നീതിക്കും ജീവനും വേണ്ടി വിവിധ മേഘലകളിലും പ്രദേശങ്ങളിലും അനേക സമരങ്ങൾ നിരന്തരം നടക്കുന്നു.
ഇവയെല്ലാം സമാഹരിച്ച് പുസ്തകമാക്കുന്നു.
നിങ്ങളുടെ സമരത്തെക്കുറിച്ച് വിവരങ്ങൾ കൈമാറുക.
**കേരളീയം, തൃശൂർ-21**

സുസ്ലോൺ കമ്പനിക്ക് പുറമെ ഇവരുടെ തന്നെ സാർജൻ റിയൽറ്റീസുംചേർന്നാണ് ഭൂമികച്ചവടം നടത്തിയിരിക്കുന്നത്. നിയമപ്രശ്നങ്ങൾ മറികടക്കാനായിരുന്നു ഇത്. സാർജൻ റിയൽറ്റീസാണ് ബിനുവിനെ ഇടനിലക്കാരനാക്കി ആദിവാസി ഭൂമി വൻതോതിൽ തട്ടിയെടുത്തത്. സർക്കാർ പദ്ധതിക്ക് വേണ്ടിയാണെന്നാണ് ഇടനിലക്കാർ ആദിവാസികളോട് പറഞ്ഞത്. ആദിവാസിഭൂമിയുടെ വ്യാജരേഖകൾ ചമക്കാൻ റവന്യൂ, രജിസ്ട്രേഷൻ വകുപ്പുദ്യോഗസ്ഥർ കൂട്ടുനിൽക്കുകയായിരുന്നു. കൈവശ സർട്ടിഫിക്കറ്റ് നൽകുകയും ആധാരം രജിസ്റ്റർ ചെയ്യുകയുമാണ് ഉണ്ടായിരിക്കുന്നത്.

കാറ്റാടി കമ്പനി വന്നപ്പോൾ തന്നെ കുന്നിടിച്ച് കാറ്റാടികൾ സ്ഥാപിക്കുന്നതിനെതിരെ പരിസ്ഥിതിപ്രവർത്തകർ രംഗത്തുവന്നെങ്കിലും അതിനയെല്ലാം പത്രങ്ങൾക്ക് പരസ്യം നൽകി തടയിടുകയായിരുന്നു സ്വകാര്യമുതലാളി. പിന്നീട് ഇത്തരം വാർത്തകൾക്ക് വെളിച്ചം കിട്ടാതെ പോയി.

അഹാഡ്സിലെ ജീവനക്കാർക്ക് കാറ്റാടി, ശരിക്കും കാറ്റുള്ളപ്പോൾ തൂറ്റാനുള്ള അവസരമായി. ഇവർ ലക്ഷക്കണക്കിന് രൂപയാണ് ഈ അവസരത്തിൽ സ്വന്തമാക്കിയത്. അഹാഡ്സിലെ പ്രേം ഷമീർ എന്ന ഉദ്യോഗസ്ഥൻ മൂന്നു മാസത്തിനകം കൈക്കലാക്കിയത് ഏഴുലക്ഷം രൂപയാണ്. ഭൂമി വാങ്ങി മറിച്ചു വിൽപന നടത്തുകവഴിയായിരുന്നു ഇത്. പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പേരിൽ അട്ടപ്പാടിയിലെത്തിയ അഹാഡ്സ് തന്നെ ആദിവാസി ഭൂമി തട്ടിയെടുത്ത കഥയും പുറത്തുവന്നിരിക്കുകയാണ്. ആദിവാസിയായ കാളിയുടെ സ്ഥലത്ത് കെട്ടിപ്പൊക്കിയ അഹാർഡ്സിന്റെ മന്ദിരത്തിന് ഇനിയും നിയമപ്രകാരം അവിടെ പ്രവർത്തിക്കാൻ അവകാശമില്ല. കാരണം കാളിയുടെ സ്ഥലത്തിന് ഇനിയും അഹാഡ്സ് കാശ് കൊടുത്തിട്ടില്ല .

ഇതുസംബന്ധിച്ച പത്രവാർത്തകൾ വന്നപ്പോൾ കാളിക്ക് സ്ഥലമുടമസ്ഥതക്ക് രേഖയില്ലെന്നാണ് അഹാഡ്സ് പറയുന്നത്. പിന്നെങ്ങനെ അവർ ഇവിടെ ഭൂമി വാങ്ങി എന്നതിന് മറുപടിയില്ല. എന്നാൽ കൗതുകകരമായത്, 4 ലക്ഷത്തിലധികം രൂപ കാളി അഹാഡ്സിൽ നിന്ന് ഇതിനകം കോടതി വഴി കൈപ്പറ്റിയിട്ടുണ്ട് എന്ന അവരുടെ പ്രസ്താവനയാണ്.

മൂന്നാറിൽ സ്വകാര്യ റീസോർട്ടുകാർ വൻതോതിൽ ഭൂമി കയ്യേറിയപ്പോൾ കാടിളക്കിയ ഭരണപ്രതിപക്ഷങ്ങളെയോ മറ്റോ അട്ടപ്പാടിയിൽ മഷിയിട്ട് നോക്കിയിട്ടും കാണാനില്ല. എന്തുകൊണ്ടിങ്ങനെ എന്ന ചോദ്യത്തിന് ഭരണപ്രതിപക്ഷങ്ങൾക്ക് ഇതിൽ പങ്കുണ്ട് എന്നതുതന്നെയാണ് ഉത്തരം.

കാറ്റാടി വൈദ്യുതിയെക്കുറിച്ച് അഭിമാനിക്കുന്ന വൈദ്യുതിമന്ത്രി എ.കെ ബാലന് പോലും ആദിവാസികളുടെ കാര്യം വന്നപ്പോൾ മിണ്ടാട്ടം മുട്ടിയിരിക്കുന്നു. ബാലൻ കൊണ്ടുവന്ന കമ്പനി മഹാരാഷ്ട്രയിലും ആദിവാസി ഭൂമി വെട്ടിച്ചതായി കണ്ടെത്തിയിരിക്കുമ്പോൾ പട്ടിക വർഗക്ഷേമമന്ത്രിയുടെയും തൊഴിലാളി വർഗരാഷ്ട്രീയപാർട്ടികളുടെയും കുപ്പായത്തിലേക്കും ചെളി തെറിക്കുന്നു. ആദിവാസി ഭൂമിയുടെ പേരിൽ വയനാട്ടിൽ ഭൂസമരം നടത്തിയ സി.പി.എം എം.എൽ.എമാരും ആദിവാസി സംരക്ഷണസമിതിയും അട്ടപ്പാടി കേരളത്തിലാണെന്ന് അറിയാതെ പോയോ?

ബന്ധങ്ങൾക്ക്: 9746959140

ചക്കംകണ്ടം
മാലിന്യപ്രശ്നത്തെക്കുറിച്ച്

**പുതിയ കാളിന്ദി പറയുന്നത്**

**ഡോക്യുമെന്ററി**

*സംവിധാനം :*
**മുസ്തഫ ദേശമംഗലം**

*നിർമ്മാണം :* വിഷൽ സേർച്ച്
*ബന്ധങ്ങൾക്ക് :* **9446356234, 9447973717**